## APPENDIX -H4

## കണ്ണൂർ റീജിയണൽ ഫയർ ഓഫീസറുടെ ഉത്തരവ്

ശൂന്യവേതന അവധിയുമായി ബന്ധപ്പെട്ട് കാസറഗോഡ് ജില്ലയിലെ ഉപ്പള നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ )നമ്പർ 9937 ശ്രീ.ബിൻസ് അവറാച്ചൻ എന്ന താങ്കളെ ഈ വകുപ്പിൽ ഡ്യൂട്ടിക്ക് ഹാജരാകാത്ത 29/12/2020 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള (റിമൂവൽ ഫ്രം സർവ്വീസ്) ഉത്തരവ് സ്ഥിരീകരിച്ച് കൊണ്ടും അച്ചടക്ക നടപടികൾ തീർപ്പാക്കി കൊണ്ടും 01/11/2023 ലെ ഉത്തരവ് നമ്പർ സി-4400/2020 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് നിങ്ങളുടെ സ്വദേശത്തെയും വിദേശത്തെയും ലഭ്യമായ മേൽവിലാസത്തിലും, ഇമെയിൽ ആയും അയക്കുകയും ചെയ്തിരുന്നു. എന്നാൽ സ്വദേശത്തും വിദേശത്തും അയച്ച തപാലുകൾ തിരികെ ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ജില്ലയിലെ ഉപ്പള നിലയത്തിലെ ഫയർ&റെസ്ക്യൂഓഫീസർ (ഡ്രൈവർ) നമ്പർ 9937 ശ്രീ ബിൻസ് അവറാച്ചൻ എന്ന താങ്കളെ ഈ വകുപ്പിൽ ഡ്യൂട്ടിക്ക് ഹാജരാകാത്ത 29/12/2020മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള (റിമൂവൽ ഫ്രം സർവ്വീസ്) ഉത്തരവ് സ്ഥിരീകരിച്ച് കൊണ്ടും അച്ചടക്ക നടപടികൾ തീർപ്പാക്കി കൊണ്ടുമുള്ള ഉത്തരവ് താങ്കളെ അറിയിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്നു.

Sd/-
റീജിയണൽ ഫയർ ഓഫീസർ
ഫയർ&റെസ്ക്യൂ സർവ്വീസ്സസ്
കണ്ണൂർ

"ഭരണഭാഷ – മാതൃഭാഷ"

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കണ്ണൂർ
## റീജിയണൽ ഫയർ ഓഫീസറുടെ നടപടിക്രമം
## അവതാരകൻ: രഞ്ജിത്ത്.പി.

വിഷയം :- ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കണ്ണൂർ-ഉപ്പള അഗ്നിരക്ഷാ നിലയത്തിലെ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നം.9937 ശ്രീ.ബിൻസ് അവറാച്ചനെതിരെയുള്ള അച്ചടക്ക നടപടി– സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ചുകൊണ്ടും തീർപ്പുകൽപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1 ബഹു ഡയറക്ടർ ജനറൽ തിരുവനന്തപുരത്തിന്റെ 10.12.2015 തിയ്യതിയിലെ സർവ്വീസ് ഉത്തരവ് നമ്പർ. 143/2015.
2 ഈ ഓഫീസിലെ 01.06.2023 തീയ്യതിയിലെ കാരണം കാണിക്കൽ നോട്ടീസ് നമ്പർ.സി–4400/2020.

---

**ഉത്തരവ് നമ്പർ : സി–4400/2020 തിയ്യതി : 01-11-2023.**

---

ഉപ്പള അഗ്നിരക്ഷാ നിലയത്തിലെ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നമ്പർ.9937 ശ്രീ.ബിൻസ് അവറാച്ചന് സൂചന (1) പ്രകാരം വിദേശത്ത് ജോലി നോക്കുന്നതിനായി കേരള സർവ്വീസ് റൂൾ ഭാഗം-1 അനുബന്ധം XII-A ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായി അഞ്ച് വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. ആയതിനെത്തുടർന്ന് ടിയാൻ 28.12.2015-ന് ഉച്ചയ്ക്ക് ശേഷം ഡ്യൂട്ടിയിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്. 29.12.2015 മുതൽ അവധിയിൽ പ്രവേശിച്ച ടിയാൻ അഞ്ച് വർഷത്തെ ശൂന്യവേതനാവധി പൂർത്തിയാക്കി 29.12.2020-ന് ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കേണ്ട തായിരുന്നുവെങ്കിലും ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കുകയുണ്ടായില്ല. ആയതിനെത്തുടർന്ന് ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾക്ക് കീഴിൽ ഉദ്ദേശിക്കപ്പെട്ട പ്രകാരമുള്ള ശിക്ഷണ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഈ ഓഫീസിൽനിന്നും 07.01.2021 തീയ്യതിയിലെ നമ്പർ സി-4400/2020 പ്രകാരം (1) അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ (2) കടുത്ത അച്ചടക്ക ലംഘനം എന്നീ കുറ്റങ്ങൾ ചെയ്തതായി ആരോപിച്ചുകൊണ്ട് ചാർജ്ജ് മെമ്മോ പുറപ്പെടുവിക്കുകയുണ്ടായി.

2) ശ്രീ.ബിൻസ് അവറാച്ചൻ ഈ ഓഫീസിൽ നൽകിയ മേൽവിലാസം അനുസരിച്ച് ടിയാന്റെ വീട്ടു വിലാസത്തിലയച്ച ചാർജ്ജ് മെമ്മോ " Addressee left, so return to sender " എന്ന് പരാമർശിച്ചുകൊണ്ടും, വിദേശ മേൽവിലാസത്തിൽ അയച്ച ചാർജ്ജ് മെമ്മോ " Insufficient address " എന്ന് രേഖപ്പെടുത്തികൊണ്ടും തപാൽ വകുപ്പിൽ നിന്നും തിരികെ ലഭിക്കുകയുണ്ടായി. തപാൽ മുഖേന അയച്ച ചാർജ്ജ് മെമ്മോ ടിയാൻ കൈപ്പറ്റാതെ ഈ ഓഫീസിൽ തിരികെ ലഭിച്ചതിനാൽ ആയത് 12.04.2023 ലെ മലയാള മനോരമ ദിനപത്രത്തിലും 13.04.2023 ലെ ദേശാഭിമാനി ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി. പത്രദ്വാര പ്രസിദ്ധീകരിച്ച ചാർജ്ജ് മെമ്മോയ്ക്ക് നിശ്ചിത സമയത്തിനകമോ അതിനുശേഷമോ ടിയാനിൽ നിന്നും യാതൊരു പ്രതിവാദ പത്രികയും സമർപ്പിക്കുകയുണ്ടായിട്ടില്ല.

3) 29.12.2020 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകവഴി ശ്രീ.ബിൻസ് അവറാച്ചനെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ പൂർണ്ണമായും സംശയാതീതമായും തെളിയിക്കപ്പെട്ടിരിക്കുന്നു. കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII-A പ്രകാരം ശൂന്യവേതനാവധി അനുവദിക്കപ്പെട്ട ജീവനക്കാർ അവധി കാലയളവ് പൂർത്തിയാക്കി തിരികെ ജോലിക്ക് ഹാജരാകാതിരിക്കുന്നപക്ഷം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 30.12.2020-ലെ സർക്കാർ സർക്കുലർ നമ്പർ 83/2020/ധനകാര്യം പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) ൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവിധം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from Service) താൽക്കാലികമായി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം അറിയിച്ചുകൊണ്ട് സൂചന (2) പ്രകാരമുള്ള നോട്ടീസ് (Appendix-H5) 10.06.2023 ലെ മലയാള മനോരമ ദിനപത്രത്തിലും 11.06.2023 ലെ ദേശാഭിമാനി ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി നിശ്ചിത സമയത്തിനകമോ അതിനുശേഷമോ ടിയാൻ സമർപ്പിക്കുകയുണ്ടായിട്ടില്ല.

(മറുപുറം)

4) ആയതിനാൽ 29.12.2020 മുതൽ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്ന ഉപ്പള അഗ്നിരക്ഷാ നിലയത്തിലെ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) നമ്പർ.9937 ശ്രീ.ബിൻസ് അവറാച്ചനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതിന് (Removal from Service) എടുത്ത താൽക്കാലിക തീരുമാനം സ്ഥിരീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവിടുന്നു. ടിയാൻ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാതിരിക്കുന്ന തീയ്യതിയായ 29.12.2020 മുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

5) ഉപ്പള അഗ്നിരക്ഷാ നിലയത്തലവൻ ടിയാനിൽനിന്നും വകുപ്പുതല തിരിച്ചറിയൽ കാർഡ്, കേന്റീൻ സ്മാർട്ട് കാർഡ്, യൂണിഫോം ആർട്ടിക്കിൾസ് മുതലായവ തിരികെ വാങ്ങിക്കേണ്ടതും, ടിയാന് സർക്കാരിൻമേൽ ബാധ്യതകൾ ഉണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

6) 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ഈ വിഷയത്തിൽ പൂർത്തിയാക്കിയതായി സാക്ഷ്യപ്പെടുത്തുന്നു.

01/11/2023

രഞ്ജിത്ത്.പി.
റീജിയണൽ ഫയർ ഓഫീസർ
ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്
കണ്ണൂർ.

സ്വീകർത്താവ് :

ശ്രീ.ബിൻസ് അവറാച്ചൻ
വള്ളിമഠത്തിൽ ഹൗസ്
കദളിക്കാട് (പോസ്റ്റ്)
എറണാകുളം -686 670

രജിസ്റ്റർ ചെയ്ത തപാലിൽ രണ്ട് പ്രതികൾ അയക്കുന്നു. ഒരു പ്രതി കൈപ്പറ്റി, ഒരു പ്രതിയിൽ കൈപ്പറ്റിയ തീയ്യതി സഹിതമുള്ള ഒപ്പ് രേഖപ്പെടുത്തി തിരികെ സമർപ്പിക്കേണ്ടതാണ്.

Bins Avarachan
C/o Seena Drvasikutty
St.Androos Road, Epsom
Auckland, Newzeland-1023.

പകർപ്പ് :

1. ബഹു:ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ലാ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, കാസറഗോഡ്.
3. സ്റ്റേഷൻ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, ഉപ്പള.
4. ഈ ഓഫീസിലെ 'എ' സീറ്റിലേക്ക്.